**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2838** **22-01-2021 - ൽ മറുപടിയ്ക്ക്**

**കുഴൽ കിണർ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത്, പുതിയതായി കുഴൽ കിണർ നിർമ്മിക്കുന്നതിന് എന്തെല്ലാം അനുമതികളാണ് വേണ്ടതെന്നും അവയ്ക്കുള്ള നടപടിക്രമങ്ങളും വ്യക്തമാക്കുമോ? | (എ) | 1) കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പുതുതായി കുഴൽക്കിണർ നിർമ്മാണം നടത്തുകയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും പെർമിറ്റ് നേടേണ്ടതുണ്ട്. പെർമിറ്റ് ലഭ്യമാക്കണമെങ്കിൽ ഭൂജല വകുപ്പിൽ നിന്നും നിരാക്ഷേപപത്രം/ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നേടേണ്ടതാണ്. 2) ബഹു. സുപ്രീം കോടതിയുടെ 06.08.2010 – ലെ WP(C)No. 36/2009 – ലെ ഉത്തരവ് അനുസരിച്ച് കുഴൽക്കിണർ നിർമ്മാണത്തിന് 15 ദിവസം മുൻപ് ജില്ലാ കളക്ടർ/ ഗ്രാമപഞ്ചായത്ത് തലവൻ, ഹെൽത്ത്/ മുനിസിപ്പാലിറ്റി/ഭൂജലവകുപ്പ് അധികാരികളെ രേഖാമൂലം അറിയിക്കേ ണ്ടതാണ്. 3) 2002 – ലെ കേരള ഭൂജലം (ക്രമീകരണവും നിയന്ത്രണവും) ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായ അതിയന്നൂർ ബ്ലോക്ക്, കൊടുങ്ങല്ലൂർ ബ്ലോക്ക്, കോഴിക്കോട് ബ്ലോക്ക്, ചിറ്റൂർ ബ്ലോക്ക്, കാസറഗോഡ് ബ്ലോക്ക് എന്നിവിടങ്ങളിൽ ഏതൊരു ഭൂജല നിർമ്മിതിക്കും, കിണറുകൾ ആഴം കൂട്ടുന്നതിനും, യന്ത്രവത്കരണത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ അനുവാദം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ